"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് - ആശ്വാസ് 2021 - ആർ.ആർ/നോൺ ആർ.ആർ അക്കൗണ്ടുകളിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ സമയം ദീർഘിപ്പിച്ച് നൽകിയ കെഎസ്എഫ്ഇ ഡയറക്ടർ ബോർഡ് തീരുമാനത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച് ) വകുപ്പ്**

G.O.(Rt)No.941/2024/TAXES തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:- 1. 08.11.2023ലെ സ.ഉ (സാധാ ) നം.774/2023/നികുതി

2. കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടറുടെ 24.07.2024, 06.09.2024 എന്നീ തീയതികളിലെ ആർ.ആർ/1151/24-25 നമ്പർ കത്ത്.

**ഉത്തരവ്**

കെ.എസ്.എഫ്.ഇ-യിലെ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി ആർ.ആർ/നോൺ ആർ.ആർ അക്കൗണ്ടുകളിലെ കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുവാൻ 'ആശ്വാസ്-2021' പദ്ധതിയുടെ ആനുകൂല്യത്തോടെ അദാലത്തുകൾ നടത്തുന്നതിന് പരാമർശം (1) പ്രകാരം 05.09.2023 തീയതിവരെ സമയം അനുവദിക്കുകയും, 02.12.2023 തീയതിയിലെ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയുടെ അനുബന്ധ കമ്മിറ്റിയുടെയും തുടർന്നുള്ള ഡയറക്ടർ ബോർഡ് യോഗങ്ങളിലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ അദാലത്ത്/ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യത്തോടെ 06.09.2023 തീയതി മുതൽ 60% മുതൽ 90% വരെ പലിശയളവോടെയും, 02.12.2023 ന് ശേഷം 40% മുതൽ 75% വരെ പലിശയിളവോടെയും കൂടി 2146 ആർ ആർ അക്കൗണ്ടുകളും 942 നോൺ-ആർ ആർ അക്കൗണ്ടുകളും തീർപ്പാക്കുന്നതിന് 15.06.2024 വരെ സമയം അനുവദിച്ച് നൽകുകയും കൂടാതെ 05.07.2024 തീയതിയിലെ ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 7 ആർ ആർ അക്കൗണ്ടുകൾ 50% മുതൽ 90% വരെ പലിശയിളവോടെ തീർപ്പാക്കുന്നതിന് 31.07.2024 വരെ അനുവാദം നൽകുകയും ചെയ്തിട്ടുള്ളതാണ് എന്നും പരാമർശം (2) പ്രകാരം മാനേജിംഗ് ഡയറക്ടർ, കെഎസ്എഫ്ഇ അറിയിച്ചിരുന്നു.

2. 05.09.2023ന് മുൻപ് പലിശയിളവോടെ അക്കൗണ്ടുകൾ തീർപ്പാക്കുന്നതിന് ഭാഗികമായി ജനറൽ സസ്പെൻസ് അക്കൗണ്ടിൽ ധാരാളം പേർ തുക അടച്ചിരുന്നുവെന്നും, അത്തരം ആളുകൾക്ക് 05.09.2023നകം ബാക്കി തുക അടച്ചുതീർക്കുവാൻ സാധിച്ചിരുന്നില്ലെന്നും, ജാമ്യവസ്തു വിൽപ്പന നടത്തിയും സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും കുടിശ്ശിക അടച്ച് തീർപ്പാക്കുന്നതിന് തയ്യാറായിരുന്ന കുറച്ചുപേർക്കും യഥാസമയം പണം കണ്ടെത്തുവാൻ സാധിച്ചിരുന്നില്ലെന്നും, കോവിഡ് മഹാമാരിയെ തുടർന്നുള്ള സാമ്പത്തിക പ്രയാസവും അസുഖങ്ങൾ മൂലവും ദുരിതം അനുഭവിക്കുന്നവരായ ധാരാളം പേരും 05.09.2023 ന് ശേഷം കുറച്ച് ദിവസംകൂടി ലഭിക്കുകയാണെങ്കിൽ പലിശയിളവോടെ അക്കൗണ്ടുകൾ തീർപ്പാക്കുവാൻ

സാധിക്കുന്നതാണെന്ന് കമ്പനിയെ അറിയിക്കുകയും ചെയ്തിരുന്നതായും, പലിശയിളവ് പദ്ധതി ദീർഘിപ്പിക്കുവാൻ കമ്പനി തീരുമാനിച്ച് സർക്കാർ അനുമതി ലഭിക്കുമ്പോഴേക്കും സമയം എടുക്കുമെന്നതിനാൽ കുടിശ്ശിക തീർക്കുവാൻ തയ്യാറാകുന്നവർക്ക് കുടിശ്ശിക തീർത്ത് യഥാസമയം ആധാരം തിരിച്ചുവാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടാകുമെന്ന വസ്തുത കണക്കിലെടുത്തുമാണ് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 05.09.2023ന് ശേഷം സമയം ദീർഘിപ്പിച്ച് നൽകി അക്കൗണ്ടുകൾ തീർപ്പാക്കുവാൻ അനുവാദം നൽകിയതെന്നും, ആയതിനാൽ 'ആശ്വാസ്-2021' ന്റെ ഭാഗമായി 3088 ആർ.ആർ/നോൺ ആർ.ആർ അക്കൗണ്ടുകളിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് 15.06.2024 വരെ സമയം അനുവദിച്ചു നൽകിയ കെഎസ്എഫ്ഇ ഡയറക്ടർ ബോർഡ് തീരുമാനത്തിനും, 7 ആർ ആർ അക്കൗണ്ടുകളിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് 31.07.2024 തീയതി വരെ സമയം അനുവദിച്ചു നൽകിയ കെഎസ്എഫ്ഇ ഡയറക്ടർ ബോർഡ് തീരുമാനത്തിനും സാധൂകരണം നൽകണമെമെന്നും മാനേജിംഗ് ഡയറക്ടർ, കെഎസ്എഫ്ഇ അഭ്യർത്ഥിച്ചിരുന്നു. ഭാവിയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ അതീവജാഗ്രത പുലർത്തുന്നതാണെന്നും അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, 'ആശ്വാസ്-2021' ന്റെ ഭാഗമായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ 3088 ആർ.ആർ/നോൺ ആർ.ആർ അക്കൗണ്ടുകളിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് 15.06.2024 വരെ സമയം അനുവദിച്ചു നൽകിയ കെഎസ്എഫ്ഇ ഡയറക്ടർ ബോർഡ് തീരുമാനത്തിനും, 7 ആർ ആർ അക്കൗണ്ടുകളിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് 31.07.2024 തീയതി വരെ സമയം അനുവദിച്ചു നൽകിയ കെഎസ്എഫ്ഇ ഡയറക്ടർ ബോർഡ് തീരുമാനത്തിനും സാധൂകരണം നൽകണമെന്നുമുള്ള കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടറുടെ അഭ്യർത്ഥന അംഗീകരിച്ച് ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ ടി തീരുമാനങ്ങൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VANDANA S K A S
UNDER SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 24-10-2024 15:54:05

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ),കേരള,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള,തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർ പ്രൈസസ് ലിമിറ്റഡ്, തൃശ്ശൂർ

സ്റ്റോക്ക് ഫയൽ (H2/264/2024/TAXES)